# ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** പ്രധാനവാർത്തകൾ **DATE: 22-09-2024**

1. ജനാധിപത്യ മൂല്യങ്ങളുടെ അടിസ്ഥാനത്തിൽ ക്വാഡ് രാജ്യങ്ങൾ ഒരുമിച്ച് പ്രവർത്തിക്കുന്നത് സുപ്രധാനമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. യുഎസിൽ ക്വാഡ് ലീഡേഴ്സ് ഉച്ചകോടിയെ പ്രധാനമന്ത്രി അഭിസംബോധന ചെയ്യു.
2. 100 ദിവസം പൂർത്തിയാക്കിയ മൂന്നാം നരേന്ദ്ര മോദി സർക്കാർ വിവിധ മേഖലകളിലായി 15 ലക്ഷം കോടി രൂപയുടെ പദ്ധതികൾക്ക് തുടക്കം കുറിച്ചു.
3. തൃശ്ശൂർ പൂരം നടത്തിപ്പിന് സാധ്യമായ എല്ലാ ശ്രമങ്ങളും സർക്കാർ നടത്തിയിട്ടുണ്ടെന്ന് മന്ത്രി കെ. രാജൻ. പൂരം വിവാദത്തിൽ ജുഡീഷ്യൽ അന്വേഷണം വേണമെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ.
4. പൂനെയിൽ മലയാളി യുവതി സ്വകാര്യ കമ്പനിയിലെ ജോലി ഭാരം മൂലം മരിച്ച സംഭവത്തിൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ കേസ് എടുത്തു.
5. ബംഗ്ലാദേശിനെതിരായ ക്രിക്കറ്റ് ടെസ്റ്റ് പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യക്ക് 280 റൺസ് വിജയം.

***************************************************

RNU TVPM

## ഹെഡ്‌ലൈൻ-1

**ക്വാഡ്**

ജനാധിപത്യ മൂല്യങ്ങളുടെ അടിസ്ഥാനത്തിൽ ക്വാഡ് രാജ്യങ്ങൾ ഒരുമിച്ച് പ്രവർത്തിക്കുന്നത് മുഴുവൻ മനുഷ്യരാശിക്കും സുപ്രധാനമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. സ്വതന്ത്രവും, എല്ലാവരെയും ഉൾക്കൊള്ളുന്നതും, സമൃദ്ധവുമായ ഇന്തോ-പസഫിക്കിന് വേണ്ടി പ്രതിജ്ഞാബദ്ധമാണെന്നും പ്രധാനമന്ത്രി പറഞ്ഞു. യുഎസിലെ ഡെലവെയറിൽ നടന്ന ക്വാഡ് ലീഡേഴ്സ് ഉച്ചകോടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇന്ത്യൻ മഹാസമുദ്ര മേഖലയിലെ നേതൃപാടവത്തിന് പ്രധാനമന്ത്രി മോദിയെയും ഇന്ത്യയെയും അഭിനന്ദിച്ച ക്വാഡ് നേതാക്കൾ, ക്വാഡ് "ആഗോള നന്മയ്ക്കുള്ള ഒരു ശക്തിയായി" തുടരുമെന്ന് ആവർത്തിച്ചു. മോദിയുടെ കീഴിൽ ഇന്ത്യൻ മഹാസമുദ്രത്തിലെ പ്രധാന ശക്തിയാണ് ഇന്ത്യയെന്ന് ഓസ്ട്രേലിയൻ പ്രധാനമന്ത്രി ആന്തണി അൽബാനീസ് പറഞ്ഞു. ഇന്ത്യൻ മഹാസമുദ്രത്തിലെ ഇന്ത്യയുടെ അനുഭവത്തിൽ നിന്നും നേതൃത്വത്തിൽ നിന്നും യുഎസിന് പഠിക്കാനുണ്ടെന്ന് യു എസ് പ്രസിഡന്റ് ജോ ബൈഡൻ പറഞ്ഞു. ജാപ്പനീസ് പ്രധാനമന്ത്രി ഫ്യൂമിയോ കിഷിദയുമായി ശ്രീ. മോദി കൂടിക്കാഴ്ച നടത്തി.

****************************************

## ഹെഡ്‌ലൈൻ-2

**മോദി 3.0 (ഇൻട്രോ)**

100 ദിവസം പൂർത്തിയാക്കി മൂന്നാം നരേന്ദ്ര മോദി സർക്കാർ. വിവിധ മേഖലകളിലായി 15 ലക്ഷം കോടി രൂപയുടെ പദ്ധതികൾക്കാണ് ഈ കാലയളവിൽ സർക്കാർ തുടക്കം കുറിച്ചത്.

PNU TVPM

വിശദാംശങ്ങളിലേക്ക്...

(വോയിസ്)

*അടിസ്ഥാന സൗകര്യങ്ങൾ, സാമൂഹ്യക്ഷേമം, കർഷകർ, മധ്യവർഗം, സ്ത്രീകൾ, യുവജനങ്ങൾ എന്നിങ്ങനെ വിവിധ മേഖലകളെ പരിഗണിച്ചു കൊണ്ടുള്ള ക്ഷേമ പദ്ധതികൾക്കാണ് സർക്കാർ 100 ദിനത്തിൽ പ്രാധാന്യം നൽകിയത്. 63,000 ഗ്രാമങ്ങളിലെ അഞ്ച് കോടി ആദിവാസികളുടെ സാമൂഹിക-സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനായി പ്രധാനമന്ത്രി ജൻജാതിയ ഉന്നത് ഗ്രാമ അഭിയാൻ, സർക്കാർ പദ്ധതി ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനായി രണ്ട് ലക്ഷത്തി 90,000 ത്തിലധികം യൂണീക് ഡിസബിലിറ്റി തിരിച്ചറിയൽ കാർഡുകൾ, മാലിന്യം ശേഖരിക്കുന്നവരുടെ ഉന്നമനത്തിനും ക്ഷേമത്തിനുമായി നാഷണൽ ആക്ഷൻ ഫോർ മെക്കനൈസ്ഡ് സാനിറ്റേഷൻ ഇക്കോസിസ്റ്റം പദ്ധതി, ലഹരി ഉപയോഗത്തിൽ നിന്ന് മോചനം തേടാനും, മയക്കുമരുന്ന് കടത്ത് റിപ്പോർട്ട് ചെയ്യാനും മനസ് ഹെൽപ്പ് ലൈൻ തുടങ്ങി വിവിധ പദ്ധതികൾക്കും തുടക്കം കുറിച്ചു. വഖഫ് (ഭേദഗതി) ബിൽ 2024 ഉം സർക്കാർ പാർലമെന്റിൽ അവതരിപ്പിച്ചു.*

*ന്യൂസ് ഡെസ്ക് ആകാശവാണി...*

****************************************

പുകയില

യുവാക്കൾക്കിടയിൽ പുകയില ഉപയോഗം തടയാൻ സംസ്ഥാനങ്ങൾക്കും കേന്ദ്ര ഭരണ പ്രദേശങ്ങൾക്കും നിർദേശം നൽകി കേന്ദ്രം. കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയവും ആരോഗ്യ മന്ത്രാലയവും സംയുക്തമായാണ് ചീഫ് സെക്രട്ടറിമാർക്ക് പുകയില രഹിത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ

RNUTVPM

മാർഗ്ഗനിർദ്ദേശങ്ങളും മാനുവലും ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള നിർദേശം നൽകിയത്.

***************************************

## ഹെഡ്‌ലൈൻ-3

**തൃശൂർ -കെ രാജൻ**

തൃശൂർ പൂരവുമായി ബന്ധപ്പെട്ട വിവാദങ്ങളിൽ സർക്കാർ എന്നും ക്രിയാത്മകമായി ഇടപെട്ടിട്ടുണ്ടെന്നു റവന്യൂ മന്ത്രി കെ രാജൻ. പൂരത്തിന്റെ ഗുണകരമായ നടത്തിപ്പിന് സാധ്യമായ എല്ലാ ശ്രമങ്ങളും മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സർക്കാർ നടത്തിയിട്ടുണ്ട്. ദേവസ്വങ്ങളും സമാന അഭിപ്രായക്കാരാണ്. പെരുമാറ്റച്ചട്ടം നിലവിൽ ഉള്ളതിനാൽ അനൗപചാരിക ചർച്ചകളിലൂടെയും പ്രശ്ന പരിഹാരത്തിന് ശ്രമിച്ചിരുന്നു. പൂരവുമായി ബന്ധപ്പെട്ട പ്രയാസങ്ങളുടെ സത്യാവസ്ഥ അറിയുക എന്നത് തൃശൂർ ജനതയുടെ അവകാശമാണ്. അന്വേഷണ റിപ്പോർട്ട് സർക്കാരിന് മുൻപിൽ എത്തിയതിനു ശേഷവും ആശങ്കകൾ നിലനിൽക്കുകയാണെങ്കിൽ അത് ഉന്നയിക്കുകയും, അത്തരം സംശയങ്ങൾ പരിഹരിക്കാൻ ശ്രമിക്കുകയും ചെയ്യുമെന്നും മന്ത്രി ഉറപ്പ് നൽകി.

PNUTVPM

***************************************

## ഹെഡ്‌ലൈൻ-3എ

**പൂരം - വി ഡി സതീശൻ**

തൃശൂർ പൂരം കലക്കിയതിൽ ജുഡീഷ്യൽ അന്വേഷണം ആവശ്യപ്പെട്ട് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ. പൂരം കലക്കിയതിൽ ആരോപണവിധേയനായ ക്രമസമാധാന ചുമതലയുള്ള എ ഡി ജി പി അന്വേഷിച്ച റിപ്പോർട്ട് അപ്രസക്തമാണെന്ന് അദ്ദേഹം പറഞ്ഞു. തൃശൂർ പൂരം

കലക്കിയത് ഗൂഢാലോചനയുടെ ഭാഗമാണെന്നും അദ്ദേഹം ആരോപിച്ചു.

****************************************

## ബി എൽ വർമ്മ

ഭിന്നശേഷിക്കാർക്കായി കോഴിക്കോട് പ്രവർത്തിക്കുന്ന സ്ഥാപനമായ കോമ്പോസിറ്റ് റീജണൽ സെൻറർ കേന്ദ്ര സാമൂഹിക നീതി വകുപ്പ് സഹമന്ത്രി ബി. എൽ വർമ്മ ഇന്ന് സന്ദർശിക്കും. ഉച്ചയ്ക്ക് ശേഷം നടക്കുന്ന സന്ദർശന പരിപാടിയിൽ ഭിന്നശേഷിക്കാർ, അധ്യാപകർ, വിദ്യാർത്ഥികൾ എന്നിവരുമായി സംവദിക്കുന്ന മന്ത്രി ഭിന്നശേഷിക്കാർക്ക് ഉള്ള സഹായ ഉപകരണങ്ങളുടെ വിതരണവും നിർവഹിക്കും. സി.ആർ.സി യിൽ പുതിയതായി ആരംഭിക്കുന്ന കോഴ്സുകൾ, ഓഡിയോളജി ലാബ് എന്നിവയുടെ ഉദ്ഘാടനവും മന്ത്രി നിർവഹിക്കും. തുടർന്ന് 'സ്വച്ഛത ഹി സേവായുടെ ഭാഗമായി 'ഏക് പേട് മാം കാ നാം' പദ്ധതിയിലും അദ്ദേഹം പങ്കെടുക്കും.

****************************************

ഹെഡ്‌ലൈൻ-4

## ദേശീയ മനുഷ്യാവകാശ കമ്മീഷൻ

പൂനെയിൽ മലയാളി യുവതിയായ ചാർട്ടേഡ് അക്കൗണ്ടന്റ് സ്വകാര്യ കമ്പനിയിലെ ജോലി ഭാരം മൂലം മരിച്ച സംഭവത്തിൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ സ്വമേധയ കേസ് എടുത്തു. സംഭവത്തിൽ കേന്ദ്ര തൊഴിൽ മന്ത്രാലയത്തിന് നോട്ടീസ് അയച്ച കമ്മീഷൻ നാലാഴ്ചയ്ക്കകം റിപ്പോർട്ട് സമർപ്പിക്കാനും നിർദേശം നൽകി. സംഭവം ഗൗരവമേറിയതാണെന്നും തൊഴിലാളി നയങ്ങളും തൊഴിൽ സംസ്കാരവും വിലയിരുത്തേണ്ടതാണെന്നും കമ്മീഷൻ വ്യക്തമാക്കി. ഇത്തരം

RNUTVPM

സംഭവങ്ങൾ ഭാവിയിൽ ഉണ്ടാകാതിരിക്കാനുള്ള നടപടികൾ റിപ്പോർട്ടിൽ ഉൾപ്പെടുത്താനും നിർദേശം നൽകിയിട്ടുണ്ട്.

****************************************

**ഓണച്ചന്ത - ഇടുക്കി (ഇൻട്രോ)**

ഓണത്തോടനുബന്ധിച്ച് ഇടുക്കിയിൽ നടത്തിയ സപ്ലൈകോ, കൺസ്യൂമർഫെഡ്, കുടുംബശ്രീ ഓണച്ചന്തകളിൽ ഉപഭോക്താക്കളുടെ വൻ പങ്കാളിത്തം. ആകെ ഒമ്പത് ദിവസം നടത്തിയ ഓണച്ചന്തകളിൽ നിന്ന് കോടികളുടെ വരുമാനമാണ് ലഭിച്ചത്.

**വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ...**

**(വോയിസ്)**

RNU TVPM

****************************************

ഹെഡ്ലൈൻ-5

**ടെസ്റ്റ് ക്രിക്കറ്റ്**

ബംഗ്ലാദേശിനെതിരായ ക്രിക്കറ്റ് ടെസ്റ്റ് പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യക്ക് 280 റൺസ് വിജയം. ചെന്നൈയിൽ നടന്ന മത്സരത്തിൽ ഇന്ത്യ ഉയർത്തിയ 515 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ബംഗ്ലാദേശ് നാലാം ദിവസം 234 റൺസിന് പുറത്താകുകയായിരുന്നു. ആദ്യ ഇന്നിംഗ്സിൽ ഇന്ത്യ 376 ഉം രണ്ടാം ഇന്നിംഗ്സിൽ 287 ഉം റൺസാണ് നേടിയത്. ബംഗ്ലാദേശിന്റെ ഒന്നാം ഇന്നിംഗ്സ് 149 ൽ അവസാനിച്ചു. വിജയത്തോടെ രണ്ട് മത്സരങ്ങളുടെ പരമ്പരയിൽ ഇന്ത്യ മുന്നിലെത്തി.

****************************************

## ഹൈക്കോടതി ചീഫ് ജസ്റ്റിസ്

കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസായി ജസ്റ്റിസ് നിതിൻ മധുകർ ജാംദാറിനെ നിയമിച്ച് കേന്ദ്രസർക്കാർ. ബോംബെ ഹൈക്കോടതിയിലെ മുതിർന്ന ജഡ്ജിമാരിൽ ഒരാളായ ജസ്റ്റിസ് ജാംദാർ കഴിഞ്ഞ വർഷം മെയ് മുതൽ ബോംബെ ഹൈക്കോടതി ആക്ടിംഗ് ചീഫ് ജസ്റ്റിസായി പ്രവർത്തിച്ചുവരികയായിരുന്നു.

****************************************

## ഷിരൂർ തിരച്ചിൽ

കർണ്ണാടകയിലെ ഷിരൂരിൽ മണ്ണിടിച്ചിലിൽ കാണാതായ കോഴിക്കോട് സ്വദേശിയായ ലോറി ഡ്രൈവർ അർജുനായുള്ള തിരച്ചിൽ പുരോഗമിക്കുന്നു. ഡ്രഡ്ജറിന്റെ സഹായത്തോടെയാണ് ഗംഗാവാലി പുഴയിൽ തെരച്ചിൽ നടക്കുന്നത്. ലോറിയുടെതെന്ന് സംശയിക്കുന്ന കുറച്ച് ഭാഗങ്ങൾ ഇന്ന് പുറത്തെടുത്തു. എഞ്ചിന്റെ ഭാഗവും കുറച്ച് തടിക്കഷണങ്ങളുമാണ് കണ്ടെത്തിയത്. അർജുനടക്കം മൂന്ന് - പേരെയാണ് ജൂലൈ 16 ലെ മണ്ണിടിച്ചിലിൽ കാണാതായത് മുങ്ങൽ വിദഗ്ധൻ ഈശ്വർ മാൽ പെയും തെരച്ചിൽ നടത്തുന്നുണ്ട്.

RNU TVPM

****************************************

## തദ്ദേശ അദാലത്ത്

തദ്ദേശ സ്വയംഭരണ വകുപ്പ് വയനാട് ജില്ലാ തദ്ദേശ അദാലത്ത് ഒക്ടോബർ 1 ന് സുൽത്താൻ ബത്തേരി മുനിസിപ്പൽ ടൗൺ ഹാളിൽ നടക്കും. അപേക്ഷ നൽകിയതും സമയപരിധിക്കകം സേവനം ലഭിക്കാത്തതുമായ വിഷയങ്ങളിലുള്ള പരാതികൾ,

നിവേദനങ്ങൾ, പരാതികൾ തുടങ്ങിയവ അദാലത്തിൽ പരിഗണിക്കും.

***************************************

**നീലംപേരൂർ പടയണി (ഇൻട്രോ)**

പ്രസിദ്ധമായ നീലംപേരൂർ പടയണിയുടെ ചടങ്ങുകൾ പുരോഗമിക്കുകയാണ് 'പൂരപ്പടയണിയുടെ രണ്ടാംഘട്ടമായ കുടപ്പടയനയിൽ ശനിയാഴ്ച ഇന്നലെ തട്ടു കുടയെത്തി.

**ആകാശവാണി ആലപ്പുഴ പ്രതിനിധി ആർ രവികുമാർ തയാറാക്കിയ റിപ്പോർട്ട്...**

**(വോയിസ്)**

***************************************

**എംപോക്സ്-ആലപ്പുഴ**

ആലപ്പുഴയിൽ എംപോക്സ് രോഗലക്ഷണങ്ങളോടെ വിദേശത്തുനിന്ന് എത്തിയയാൾ ആലപ്പുഴ മെഡിക്കൽ കോളേജിൽ ചികിത്സ തേടി. ഇദ്ദേഹത്തിന്റെ കുടുംബം ക്വാറന്റൈനിൽ കഴിയുകയാണ്. തിങ്കളാഴ്ചയോടെ പരിശോധനാഫലം പുറത്തുവന്നാൽ മാത്രമേ രോഗം സ്ഥിരീകരിക്കാനാവൂ.

***************************************

**പാസിംഗ് ഔട്ട് പരേഡ്**

കേരള ഫയർ ആൻഡ് റെസ്ക്യൂ സർവീസസ് സംയുക്ത പാസ്സിംഗ് ഔട്ട് പരേഡ് ഇന്ന് വൈകിട്ട് നടക്കും. തൃശൂർ വിയ്യൂരിലെ അക്കാദമി പരേഡ് ഗ്രൗണ്ടിൽ മുഖ്യമന്ത്രി പിണറായി വിജയൻ സല്യൂട്ട് സ്വീകരിക്കും.

RNU TVPM

****************************************

## രാമചന്ദ്രൻ കടന്നപ്പള്ളി

കണ്ണൂർ നഗരത്തിലെ ഗതാഗതക്കുരുക്കിന് പരിഹാരമുണ്ടാക്കാനുള്ള ശ്രമമാണ് നടത്തിവരുന്നതെന്ന് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി പറഞ്ഞു. മേലെ ചൊവ്വയിൽ മേൽപാലം വരുന്നതോടെ നഗരത്തിലെ ഗതാഗതക്കുരുക്കിന് ശമനമുണ്ടാകുമെന്നും മന്ത്രി പറഞ്ഞു. അടുത്തമാസം രണ്ടിന് നടക്കുന്ന മേൽപാലം നിർമ്മാണോദ്ഘാടനത്തിന്റെ സംഘാടക സമിതി രൂപീകരണ യോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

*

***********************

********************************************************

RNU TVPM